**QP CODE: 18103467**

18103467

Reg No : ....................

Name : ....................

**BA DEGREE (CBCS) EXAMINATION, NOVEMBER 2018**

**Third Semester**

COMPLEMENTARY COURSE - ML3CMT05 - ഒരു എഴുത്തുകാരൻ - എഴുത്തുകാരി - മാധവിക്കുട്ടി

(Common for B.A Malayalam Language and Literature Model I,
B.A Malayalam Language and Literature Model II Copy Editing,
B.A Malayalam Language and Literature Model II Copy Writing)

2017 Admission Onwards

EA5A7625

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. വൃദ്ധയ്ക്ക് പെട്ടെന്ന് ചിരിക്കുവാൻ തോന്നി. കാരണം കിട്ടാത്ത ആനന്ദം. എന്തുകൊണ്ട് ?
2. ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു. ഈ ശീർഷകത്തിന്റെ അർത്ഥമെന്ത്?
3. സുഖമായി മരിക്കുവാൻ ഏർപ്പെടുത്തികൊടുക്കും ഞങ്ങൾ. ആര് ?
4. നിന്റെ കറുപ്പ് എന്നെ അന്ധയാക്കുന്നു. ആരുടെ കറുപ്പ് ? ആരെ അന്ധയാക്കുന്നു ?
5. മദ്ധ്യവയസ്സ്' എന്ന കവിതയിലെ ചിന്തകൾ എന്തെല്ലാം?
6. നീ നൂറു ശതമാനം ആത്മാർത്ഥത പുലർത്തുന്നത് നിന്റെ രോഗികളോട് മാത്രമാണ്. ആരാണ് ഇങ്ങനെ പറയുന്നത്. പറയുവാനുള്ള കാരണമെന്ത്
7. അക്കാലത്ത് മലയാളഭാഷയ്ക്ക് നമ്പ്യാരുടെ നിറവും അപകർഷതാബോധവുമുള്ളതായി ഞങ്ങൾക്ക് തോന്നി. ആർക്കാണ് തോന്നിയത്. കാരണമെന്ത്
8. മഹാത്മജി അനുരാഗത്തിന്റെ വിഭാഗത്തിൽ അഭിജ്ഞത ഒരിക്കലും പ്രകടിപ്പിക്കുക ഉണ്ടായിട്ടില്ലല്ലോ. കാരണമെന്ത്
9. അവൾ കണ്ണാടിയെടുത്ത് വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. എപ്പോൾ ?
10. നിന്റെ ശരീരം എനിക്കൊരു തടവറയാണ്. കാരണമെന്ത് ?
11. മധുരയെപ്പറ്റിയുള്ള സുഭദ്രയുടെ ഓർമ്മകൾ എന്തെല്ലാമായിരുന്നു
12. ജ്ഞാനാംബാൾ - കുറിപ്പെഴുതുക

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മാതൃത്വത്തിന്റെ വ്യത്യസ്തതകൾ അമ്മ. കോലാട്, എന്നീ കഥകളിൽ എങ്ങനെ ആവിഷ്കൃതമാകുന്നു.

14. ഇപ്പോൾ ഞാൻ എന്റെ തന്നെ തടവുകാരി. ചിന്തയുടെ സാംഗത്യം വ്യക്തമാക്കുക.

15. പ്രണയവും രതിയും ആത്മീയതയും ഇടകലർന്ന കാവ്യാനുഭവമാണ് പ്രകൃതിയും പുരുഷനും എന്ന കവിത. ചർച്ചചെയ്യുക

16. മദ്ധ്യവയസ് എന്ന കവിതയുടെ പശ്ചാത്തലം പരിശോധിക്കുക.

17. കൽക്കത്തയിലെ വേനൽക്കാലം എന്ന കവിതയുടെ പശ്ചാത്തലമെന്ത്?

18. അപ്രാപ്യമായ സ്നേഹത്തിനുവേണ്ടിയുള്ള അലച്ചിലാണ് നഷ്ടപ്പെട്ട നീലാംബരി. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക

19. കിടപ്പുമുറിയിൽ പട്ടുതലയിണയെ ഒരു കുട്ടി എന്നപോലെ കെട്ടിപ്പിടിച്ച് കമഴ്ന്നു കിടന്നുകൊണ്ട് അവൾ തേങ്ങിക്കരഞ്ഞു. സന്ദർഭം വിശദമാക്കുക

20. അനുഭൂതിസാന്ദ്രമായ ഭാഷാസവിശേഷതകൾ നിറഞ്ഞ ഒരു പാഠഭാഗമാണ് "സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി" സമർത്ഥിക്കുക

21. നഷ്ടപ്പെട്ട നീലാംബരിയിലെ ജ്ഞാനത്തിന്റെ സ്വഭാവത്തെ വിലയിരുത്തുക?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. പുരുഷൻ നിർമ്മിച്ചുവച്ച അംഗീകൃതസൗന്ദര്യമാനദണ്ഡങ്ങൾക്ക് പുറത്ത് അമ്മയിലും അവർ കോലാട് തന്നെയാണെന്ന് കോലാട് എന്ന കഥ ധ്വനിപ്പിക്കുന്നു. സമർത്ഥിക്കുക

23. മാധവിക്കുട്ടികവിതകളുടെ പൊതുസ്വഭാവം പാഠഭാഗത്തെ മുൻനിർത്തി വിശദമാക്കുക

24. സ്നേഹത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും ആഖ്യാനഭേദങ്ങളാണ് മാധവിക്കുട്ടിയുടെ നോവലുകൾ - സമർത്ഥിക്കുക

25. തുറന്നുപറച്ചിലിന്റെയും ആത്മഭാഷണത്തിന്റെയും രീതിശാസ്ത്രം അവലംബിക്കുന്ന കൃതിയാണ് എന്റെ കഥ. വിലയിരുത്തുക

(2×15=30)